# Athmaraksha.org

ലേഖനം - അനുഭവം, സാക്ഷ്യം

## ഷൂ പോളീഷ് ചെയ്യുന്നതിൽ തുടങ്ങി കത്തോലിക്കാ ടെലിവിഷൻ ചാനൽ വരെ



മെക്സിക്കോ സിറ്റി: ഫ്രാൻസിസ് പാപ്പയുടെ മെക്സിക്കോയിലേക്കുള്ള വിമാനയാത്ര. വിമാനത്തിൽവച്ച് അദ്ദേഹത്തിന് നേരിടേണ്ടി വന്നത് തികച്ചും വ്യത്യസ്തമായ ഒരു അനുഭവവും സാക്ഷ്യവും. പത്രപ്രവർത്തകരുടെ നീണ്ട നിരയിൽനിന്നൊരാൾ എത്തി പാപ്പയോട് ചോദിച്ചു, 'ഞാൻ അങ്ങയുടെ ഷൂ ഒന്നു പോളീഷ് ചെയ്തോട്ടെ?' പരിശുദ്ധ പിതാവും കൂടെനിന്നവരും അത്ഭുതപ്പെട്ടുപോയി. പൊതുസ്ഥലത്താണെങ്കിൽ അത്തരം ജോലിക്കാരിൽനിന്നാണെന്ന് കരുതാം. പക്ഷേ, ഇത് പ്രശസ്തരായ മാധ്യമപ്രവർത്തകർ മാത്രം അനുവദിക്കപ്പെട്ട സമൂഹത്തിൽനിന്ന്. ആദ്യം അല്പമൊന്ന് ആകുലപ്പെട്ടെങ്കിലും പാപ്പ അനുമതി നൽകിയപ്പോൾ, അയാൾ കുനിഞ്ഞ് പാപ്പയുടെ ഷൂ മനോഹരമായി പോളീഷ് ചെയ്തുനൽകി.

കാലിഫോർണിയയിലെ കാത്തലിക് റേഡിയോ, ടെലിവിഷൻ 'എൽ സെംബ്രദോർ' സ്ഥാപകനും അമേരിക്കയിലെത്തന്നെ സമ്പന്നരിൽ ഒരാളുമായ നോയൽ ഡയസ് ആയിരുന്നു അത്. പാപ്പയ്ക്ക് ഷൂ വൃത്തിയാക്കുന്നതിനുള്ള ഉപകരണങ്ങൾ സമ്മാനമായി നൽകിയാണ് അദ്ദേഹം എണീറ്റത്.

ഈ പ്രവൃത്തിക്ക് പിന്നിലൊരു ചരിത്രമുണ്ട്. തന്റെ സാക്ഷ്യം പറഞ്ഞപ്പോഴാണ് പാപ്പയ്ക്കും കൂടിനിന്നവർക്കും കാര്യങ്ങൾ മനസിലായത്. നോയൽ ഡയസ് മെക്സിക്കോയിലെ ടിജ്വാനയിലാണ് ജനിച്ചത്. കഠിന ദാരിദ്ര്യമായിരുന്ന വീട്ടിൽ. എട്ടാം വയസ്സിൽ ആദ്യകുർബാന സ്വീകരണത്തിനിടാൻ നല്ലൊരു ഉടുപ്പ് വാങ്ങാൻ പണമില്ലെന്ന് സ്വന്തം അമ്മ പറയുന്നത് കേട്ടപ്പോഴാണ് അവൻ ആദ്യമായി വിഷമിച്ചത്. അമ്മ ഒറ്റയ്ക്കായിരുന്നു. അന്ന് ഷൂ വൃത്തിയാക്കുന്ന ഉപകരണങ്ങളുമായി അവൻ തെരുവിലേക്കിറങ്ങി. പലരുടെയും കാല്പിടിച്ച് ആവശ്യമുണ്ടെങ്കിലും ഇല്ലെങ്കിലും തന്റെ ഉപജീവനത്തിനായി അവരുടെ പാദരക്ഷകൾ വൃത്തിയാക്കിക്കൊടുത്തു.

ഇത്രയും കേട്ടപ്പോൾ പാപ്പയും മറ്റ് പത്രപ്രവർത്തകരും കൂടുതൽ ആകാംക്ഷയോടെ അദ്ദേഹത്തിന്റെ കഥ കേട്ടുതുടങ്ങി. 'ഞാൻ ഇത്തരമൊരു പ്രവർത്തി ചെയ്തതിലൂടെ എല്ലാ ജോലിയുടെയും മഹത്വത്തെ ഉയർത്തിക്കാട്ടുകയാണ് ചെയ്തത്. വീട്ടിലേക്ക്

ഭക്ഷണമെത്തിക്കാൻ പല രീതിയിൽ ജോലി ചെയ്യുന്നവരുണ്ട്. എല്ലാവരുടെയും ജോലിക്ക് മഹത്വമുണ്ട്. പക്ഷേ, ഇന്ന് പലപ്പോഴും ചെറിയ ജോലിയെന്നും വലിയ ജോലിയെന്നും മാന്യമായതെന്നും മാന്യത കുറഞ്ഞതെന്നും ജോലികൾ വിലയിരുത്തപ്പെടുന്നു.' നോയൽ പറഞ്ഞു തുടങ്ങി.

'എന്റെ അമ്മ വീടുതോറും സാധനങ്ങൾ കൊണ്ടുപോയി വിൽക്കുന്ന വ്യക്തിയായിരുന്നു. പലപ്പോഴും ക്ഷീണിച്ച് അവശയായി വരുന്ന അമ്മയുടെ മുഖത്ത് സന്തോഷമുണ്ടായിരുന്നില്ല. കാരണം, ആരും ഒന്നും വാങ്ങാത്തതിന്റെ വേദന. കുടുംബം പട്ടിണിയാകുമെന്ന ഉത്കണ്ഠ. പഠനമുപേക്ഷിച്ച് അമ്മയെ സഹായിക്കാനാണ് ഞാൻ ആദ്യമായി ഷൂ പോളീഷ് ഉപകരണങ്ങൾ കൈയിലെടുത്തത്. മറ്റ് കുട്ടികൾക്കുള്ള സന്തോഷവും സുഖവും എനിക്ക് അന്യമായി.' ഹൃദയസ്പർശിയായിരുന്നു ആ വാക്കുകൾ. 'പിന്നീട് വർഷങ്ങൾക്കുശേഷം ഒളിച്ചാണ് ഞാൻ അമേരിക്കയിലെത്തിയത്. നിയമപരമല്ലാത്ത ഒരു അഭയാർത്ഥിയായി. രണ്ടുപ്രാവശ്യം നാടുകടത്തപ്പെട്ടു.' കുറെ വർഷങ്ങൾക്കുശേഷം നിയമപരമായ ഡോക്യുമെന്റ്സ് സ്വന്തമാക്കുവാനും അമേരിക്കയിൽ സ്ഥിരതാമസത്തിനും അവസരം ലഭിച്ചു. സ്വന്തം മാതാപിതാക്കളെ കാണുവാനോ, സ്വന്തക്കാരെ സ്നേഹിക്കുവാനോ സാധിക്കാത്ത അഭയാർത്ഥികൾക്കുവേണ്ടി പ്രാർത്ഥിക്കണം എന്നു പറയുമ്പോൾ അദ്ദേഹത്തിന്റെ കണ്ണുകൾ നിറയുന്നുണ്ടായിരുന്നു.

'പാപ്പയുടെ പാദരക്ഷകൾ വൃത്തിയാക്കുവാൻ ലഭിച്ച അവസരം ഏറെ സന്തോഷം നൽകുന്ന കാര്യമാണ്. ഞാൻ എന്റെ ജോലിയെ സ്നേഹിച്ചിരുന്നു. അതിന് എനിക്ക് ദൈവം തന്ന അനുഗ്രഹം.' പിന്നീട് നോയൽ പറഞ്ഞു. ഏൽ സെംബ്രദോർ മിനിസ്ട്രിയുടെ കേന്ദ്രം കാലിഫോർണിയയിലെ ലോസ് ആഞ്ചലസാണ്. 1994 നവംബർ മാസത്തിലായിരുന്നു ഔദ്യോഗിക തുടക്കം. ലോസ് ആഞ്ചലസ് അതിരൂപതയിലെ വിശ്വാസികളുടെ ആത്മീയ ഉത്കർഷത്തിനായിട്ടാണ് മിനിസ്ട്രി ആരംഭിച്ചത്. ഇപ്പോൾ ലാറ്റിൻ അമേരിക്ക മുഴുവൻ വ്യാപിച്ചുകിടക്കുന്ന റേഡിയോ, ടെലിവിഷൻ ശൃംഖലയുടെ കേന്ദ്രമാണിത്. 1984 മാർച്ച് 31 ന് ദിവ്യബലിയിൽ പങ്കെടുത്തുകൊണ്ടിരിക്കുമ്പോൾ കർത്താവ് വിളിക്കുന്ന അനുഭവം ഉണ്ടായതിനാലാണ് നോയൽ ഡയസ് ഈ ശുശ്രൂഷ ആരംഭിച്ചത്. നോയൽ വിവാഹിതനാണ്, മൂന്ന് കുട്ടികളുടെ പിതാവും. സാൻ ബർണദീനോ സഹായമെത്രാൻ ഡെന്നീസ് ഓനീൽ ആണ് മിനിസ്ട്രിയുടെയും നോയലിന്റെയും ആത്മീയ പിതാവ്.

രാജ്യവ്യാപകമായി പല ശുശ്രൂഷകൾക്കും ഇപ്പോൾ ഏൽ സെംബ്രദോർ മിനിസ്ട്രി നേതൃത്വം നൽകുന്നുണ്ട്. 1990 ലാണ് റേഡിയോയിലൂടെയുള്ള സുവിശേഷവത്കരണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നത്. ലാറ്റിൻ അമേരിക്കയിലെ നാൽപത് രാജ്യങ്ങളിൽ ഈ റേഡിയോ ലഭിക്കുന്നുണ്ട്. 1994 ൽ ടെലിവിഷൻ ശുശ്രൂഷകളും ആരംഭിച്ചു. പ്രമുഖമായി സ്പാനീഷിലായിരുന്നു പ്രോഗ്രാമുകൾ. ഡൈമെൻഷൻ ദെ ഫെ എന്നായിരുന്നു ആദ്യം ടെലിവിഷൻ പ്രോഗ്രാമിന്റെ പേര്. തെക്കൻ കാലിഫോർണിയയിലെ 6 മില്യൺ സ്പാനീഷ് കാത്തലിക് പ്രേക്ഷകരുള്ള അരമണിക്കൂർ പ്രോഗ്രാം ലോക്കൽ ചാനലുകളിലൂടെയാണ് എൽ സെംബ്രദോർ മിനിസ്ട്രി ആദ്യം നൽകിയിരുന്നത്. പിന്നീട് സ്വന്തമായി ഒരു കാത്തലിക് മെക്സിക്കൻ ചാനൽ ആരംഭിച്ചു.

എൽ സെംബ്രദോർ ന്യൂ എവാൻജെലൈസേഷൻ (ESNE) എന്ന ചാനൽ ഇപ്പോൾ വത്തിക്കാന്റെ ഔദ്യോഗിക അംഗീകാരത്തോടെ പ്രവർത്തിച്ചുവരികയാണ്. സാറ്റലൈറ്റിലൂടെയും കേബിൾനെറ്റ് വർക്കുകളിലൂടെയുമുള്ള സുവിശേഷ പ്രോഗ്രാമുകൾ നൽകിത്തുടങ്ങിയത് 2003 ജൂലൈ 31 നാണ്. 24 മണിക്കൂറും 7 ദിവസവും പ്രോഗ്രാമുകൾ നല്കുവാനുള്ള സംവിധാനമായി ഇപ്പോൾ. മെക്സിക്കോ നഗരത്തിൽ ഗ്വാഡെലൂപ്പെ മാതാവിന്റെ ബസിലിക്കയുടെ ഉള്ളിൽ സ്വന്തമായി സ്റ്റുഡിയോ ഉള്ള കത്തോലിക്കാ ചാനൽ കൂടിയാണ് ESNE ഇപ്പോൾ.

കടപ്പാട് : us.sundayshalom.com